**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 259** **26-06-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ റിക്കവറി നടപടി നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തശേഷം തിരിച്ചടവ് മുടങ്ങുന്നതിനെ തുടർന്നുള്ള ജപ്തി നടപടികളുടെ പേരിൽ ഉണ്ടാകുന്ന സമ്മർദ്ദവും പീഡനങ്ങളും നിമിത്തം ആത്മഹത്യ ചെയ്യേണ്ടി വരുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള റവന്യൂ റിക്കവറി നിയമം 1968-ൽ റവന്യൂ റിക്കവറി കുടിശ്ശിക തവണകളായി സ്വീകരിക്കുവാൻ വ്യവസ്ഥയില്ല. എങ്കിലും മാനുഷിക പരിഗണന നല്കി തുക തവണകളായി ഒടുക്കുന്നതിന് അനുമതി നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് നടപടികൾ സ്വീകരിച്ചു പോന്നു. ഇതിനെതിരെ ചില ബാങ്കുകൾ ബഹു. കോടതിയെ സമീപിക്കുകയും നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ സർക്കാരിന് ഗഡുക്കൾ അനുവദിക്കാൻ കഴിയില്ല എന്ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചെങ്കിലും ബഹു. ഹൈക്കോടതി വിധി ശരിവയ്ക്കുകയാണുണ്ടായത്. ഇക്കാരണത്താൽ സർക്കാരിന് കുടിശ്ശികകളിന്മേൽ ഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിയമഭേദഗതിക്കുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ ഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിലും കാർഷിക മേഖലയിലെ പ്രതിസന്ധി കാരണവും വയനാട് ജില്ലയിലെ കർഷകർ വിവിധ ദേശസാത്കൃത സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ ജപ്തി നടപടി നേരിടുന്ന പ്രത്യേക സാഹചര്യം വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 2018-20 വർഷങ്ങളിലെ മഹാപ്രളയവും തുടർന്നുള്ള വർഷങ്ങളിലുണ്ടായ കോവിഡ് മഹാമാരിയും ഉണ്ടാക്കിയ പ്രതിസന്ധിയുടെ സാഹചര്യത്തിലും വളരെ തുച്ഛമായ ഭൂമിയിൽ വീട് വച്ച് താമസിക്കുന്ന പാവപ്പെട്ടവർക്കെതിരെ പ്രസ്തുത ഭൂമി ജപ്തി ചെയ്യുന്ന നടപടി സ്വീകരിച്ചാൽ പ്രസ്തുത കുടുംബങ്ങൾ വഴിയാധാരമാകുന്ന അവസ്ഥയും |

| | | | |
|---|---|---|---|
| | | | വയനാട്ടിലുണ്ടെന്നും റിക്കവറി നടപടികൾക്കെതിരെ ആത്മഹത്യാ സ്ക്വാഡ് രൂപീകരിക്കുന്നതിന് രഹസ്യ നീക്കങ്ങൾ നടക്കുന്നുണ്ടെന്നും പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പോലീസ് സ്പെഷ്യൽ ബ്രാഞ്ച് അറിയിപ്പ് നൽകിയിരുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആത്മഹത്യാ സ്ക്വാഡ് രൂപികരിച്ചതായുള്ള വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് ഒഴികെയുള്ള National/Scheduled/Commercial ബാങ്കുകളുടെ റവന്യൂ റിക്കവറി നടപടികൾ കേരള റവന്യൂ റിക്കവറി (ഭേദഗതി) നിയമം നിലവിൽ വരുന്നത് വരെ നിർത്തി വയ്ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും 06.11.2023 ലെ എച്ച്3/196/2023/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ റവന്യൂ വകുപ്പ് സെക്രട്ടറിയെ എതിർ കക്ഷിയാക്കി ഫെഡറൽ ബാങ്ക് ഫയൽ ചെയ്ത WPC 4673/24 -ാം നമ്പർ കേസിലെ 15.02.2024 ലെ ഇടക്കാല വിധിയിൽ 6.11.2023 ലെ കത്ത് സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഇത്തരക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിനും മനുഷ്യത്വപരമായ ഇളവനുവദിക്കുന്നതിനും സർക്കാരിന് അധികാരം ലഭിക്കുന്ന വിധത്തിൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്.<br><br>1968 ലെ റവന്യൂ റിക്കവറി ആക്ടിൽ, കുടിശ്ശിക അടക്കുന്നതിന് ഗഡുക്കൾ അനുവദിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഗഡുക്കൾ അനുവദിച്ചുവന്നിരുന്നു. ആയത് ബഹുമാനപ്പെട്ട കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട സാഹചര്യത്തിൽ നിലവിൽ Nationalized/scheduled/commercial ബാങ്കുകളുടെ റവന്യൂ റിക്കവറി കേസുകളിൽ നിയമ ഭേദഗതി വരുന്നതുവരെ ഗഡുക്കൾ അനുവദിക്കേണ്ടതില്ല എന്ന് ലാൻഡ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. അപ്പോഴും കേരള ബാങ്ക് കുടിശ്ശികക്ക് തവണ നൽകിയിരുന്നു. കുടിശ്ശിക അടക്കുന്നതിന് ഒരു വർഷം വരെ സ്റ്റേ അനുവദിക്കുന്നതും കുടിശ്ശിക അടക്കുന്നതിന് തവണകൾ അനുവദിക്കുന്നതും മൊറട്ടോറിയം പ്രഖ്യാപിക്കുന്നതും ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി റവന്യൂ റിക്കവറി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ മന്ത്രിസഭായോഗം 05.06.2024 ന് അംഗീകരിച്ചിട്ടുള്ളതും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| | | | |
| (സി) | സർക്കാർ ബാധ്യതകളിന്മേൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച വ്യക്തിയുടെ ഭൂമി നിശ്ചിത കാലപരിധിക്കുള്ളിൽ തിരികെ ലഭിക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്, റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി ചെയ്ത ഭൂമി മതിയായ വിലയ്ക്ക് ആരും ലേലം കൊള്ളാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഒരു രൂപയ്ക്ക് സർക്കാർ പേരിലോ സെക്ഷൻ 71 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച കുടിശ്ശിക ഉത്ഭവിച്ച സ്ഥാപനത്തിന്റെ പേരിലോ ബോട്ട്-ഇൻ-ലാൻഡ് ആക്കുന്നതിനും 5 വർഷത്തിനുള്ളിൽ കുടിശ്ശിക തീർത്ത് അപേക്ഷ സമർപ്പിക്കുന്ന പക്ഷം കുടിശ്ശികക്കാരന് പ്രസ്തുത ബോട്ട്-ഇൻ -ലാൻഡ് തിരികെ നൽകുന്നതിനുമുള്ള വ്യവസ്ഥയും റവന്യൂ റിക്കവറി ആക്ട് ഭേദഗതിയിൽ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ